കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്**

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-6/158/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 20.02.2020

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കാസറഗോഡ്.

പ്രസിഡന്റ് ,

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്. (സെക്രട്ടറി മുഖേന).

സർ,

വിഷയം : കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*********************************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/ കെ.എസ്.ഡി6/158/2020 തിയ്യതി: 20.2.2020

# കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*****

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും (I.A.Y.പ്ലാൻ അക്കൗണ്ട് ഒഴികെ), അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മഹേശ.ബി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-1-2020 മുതൽ 4-2-2020വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

| | | |
|---|---|---|

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.കിരൺദാസ്.പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ജെന്ന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ബാബു.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.ജനാർദ്ദനൻ.സി | സിനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുഹമ്മദ് കുഞ്ഞി ചായിന്റടി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.രാഗേഷ്.ടി | 01.04.2018 മുതൽ 31.03.2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി കാസറഗോഡ് | മിത്ര വി | 01.4.2018 | 05.06.2018 |
| | രശ്മി ആർ എസ് | 06.06.2018 | 07.06.2018 |
| | മിത്ര വി | 08.06.2018 | 13.06.2018 |
| | മനോജ് കുമാർ എ | 14.06.2018 | 16.08.2018FN |
| | രമേശൻ പി പി(അഡീ. ചാർജ്ജ്) | 16.08.2018AN | 29.08.2018 |
| | രശ്മി ആർ എസ് | 30.08.2018 | 22.10.2018FN |
| | രമേശൻ പി പി(അഡീ. ചാർജ്ജ്) | 22.10.2018AN | 03.12.2018FN |
| | രശ്മി ആർ എസ് | 03.12.2018AN | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | അനിത കെ | 01.4.2018 | 31.03.2019 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | എം വി കൃഷ്ണ സ്വാമി | 01.4.2018 | 30.06.2018FN |
| | | | |

| | | | |
|---|---|---|---|
| | മീര എൻ (അഡീ. ചാർജ്ജ്) | 30.6.2018AN | 17.09.2018 |
| | ആനന്ദ കെ | 18.9.2018 | 31.03.2019 |
| സൂപ്രണ്ട്, മഹിളാമന്ദിരം | ബിന്ദു കെ കെ (മേട്രൺ)(സൂപ്രണ്ട് ഇൻ ചാർജ്) | 01.4.2018 | 30.01.2019FN |
| | ഗീതാകുമാരി പി എം | 30.01.2019AN | 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ബഷീർ പി ബി | 01.4.2018 | 31.03.2019 |
| ശിശു വികസന പദ്ധതി ഓഫീസർ, ഐ സി ഡി എസ് കാസറഗോഡ് | ഇന്ദിര എം.കെ | 01.4.2018 | 17.05.2018 |
| | മണിയമ്മ കെ.എം., ഐസിഡിഎസ് സൂപ്പർവൈസർ(സി.ഡി.പി.ഒഇൻ ചാർജ്) | 18.05.2018 | 17.07.2018 |
| | ഇന്ദിര എം കെ | 18.07.2018 | 07.08.2018 |
| | കാർത്തിയാനി എ, ഐസിഡിഎസ് സൂപ്പർവൈസർ(സി.ഡി.പി.ഒഇൻ ചാർജ്) | 08.08.2018 | 13.09.2018 |
| | രഞ്ജിനി .എൽ | 14.09.2018 | 01.01.2019 |
| | മണിയമ്മ കെ.എം.,ഐസിഡിഎസ് സൂപ്പർവൈസർ(സി.ഡി.പി.ഒഇൻ ചാർജ്) | 02.01.2019 | 13.01.2019 |
| | സന്ധ്യ.എൻ.സ് | 14.01.2019 | 31.03.2019 |
| ക്ഷീരവികസന ഓഫീസർ | വിധുബാല എസ് | 01.4.2018 | 05.04.2018FN |
| | ബബിന മറിയ | 05.04.2018AN | 12.07.2018FN |
| | ആർ രാംഗോപാൽ( അധിക ചുമതല- അസിസ്റ്റന്റ് ഡയറകടർ) | 12.07.2018AN | 29.10.2018FN |
| | മീനാകുമാരി വി | 29.10.2018AN | 31.03.2019 |
| മെഡിക്കൽ ഓഫീസർ സി എച്ച് സി കുമ്പള | ഡോ. ഈശ്വര നായിക് കെ | 01.4.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ കളനാട് | ഡോ അബ്ദുൾ ബഷീർ, മെഡിക്കൽ ഓഫീസർ | 01.4.2018 | 14.07.2018 |
| | ഡോ ദേവസ്സിയ | 15.07.2018 | 18.09.2018FN |
| | ഡോ. ഷാജിമോൻ പീറ്റർ | 18.09.2018AN | 31.03.2019 |

| | | | |
|---|---|---|---|
| സൂപ്രണ്ട് വൃദ്ധമന്ദിരം | പങ്കജാക്ഷൻ.പി.എം | 01.4.2018 | 07.12.2018 |
| | ആസ്യാമ്മ ഇ.എ (മേട്രൺ ഗവ:വൃദ്ധമന്ദിരം)(സൂപ്രണ്ട് ഇൻ ചാർജ്) | 08.12.2018 | 30.12.2018 |
| | പങ്കജാക്ഷൻ.പി.എം | 31.12.2018 | 31.03.2019 |
| പട്ടികവർഗ്ഗ വികസന ഓഫീസർ | പ്രസന്ന കെ എം | 01.4.2018 | 08.05.2018FN |
| | ശശിധരൻ കെ | 08.05.2018AN | 04.07.2018FN |
| | സി എൻ ഗിരീഷ് കുമാർ | 04.07.2018AN | 31.03.2019 |

<u>**റിപ്പോർട്ടിന്റെ ഉള്ളടക്കം**</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-10 |
| 11 | രസീതി ബുക്കുകൾ-പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-11 |
| 12 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-12 |
| 13 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ് | 1-13 |
| 14 | ബദിയടുക്ക സി.എച്ച്.സി ക്ക് കമ്പ്യൂട്ടറും ഫോട്ടോ കോപ്പിയറും വാങ്ങി നൽകൽ - അപാകതകൾ | 1-14 |
| 15 | പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. | 1-15 |

| | | |
|---|---|---|
| 16 | പാലിയേറ്റീവ് കെയർ-വിവിധ കമ്മിറ്റികളുടെ പ്രവർത്തനം;കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. | 1-16 |
| 17 | പാലിയേറ്റീവ് കെയർ -വാഹനം:സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. | 1-17 |
| 18 | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല. | 1-18 |
| 19 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കിയില്ല. | 1-19 |
| 20 | വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-20 |
| 21 | കുമ്പള CHC യുടെ മെയിന്റനൻസ് (105/19)- പ്രവൃത്തി നിർവഹണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-21 |
| 22 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല. | 1-22 |
| 23 | ഗുണഭോക്തൃ കമ്മറ്റി പ്രവൃത്തി- ബില്ലിൽ നിന്നും GST ഈടാക്കിയില്ല. | 1-23 |
| 24 | റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ. | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ഉക്രംപാടി-കടവ് കോൺക്രീറ്റ് റോഡ് (ചെമ്മനാട് ഗ്രാമ പഞ്ചായത്ത്) എത്രയും വേഗം സഞ്ചാര യോഗ്യമാക്കേണ്ടതാണ് | 1-26 |
| 27 | മണ്ണ് പരിശോധന ഫലം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്ന | 1-27 |
| 28 | പുതിയ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം – കൺസൾട്ടൻസി ഫീസ് സംബന്ധിച്ച് | 1-28 |
| **ഭാഗം II**<br>**വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| | ഇല്ല | 2-1 |
| **ഭാഗം III**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| | ഇല്ല | 3-1 |
| **ഭാഗം IV**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം** | | |
| 29 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| | | |

| | | |
|---|---|---|
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| തീരുമാനം നമ്പർ തീയ്യതി | 01/01തീയ്യതി 27.03.2018 | റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയില്ല |
| മുന്നിരിപ്പ് | 0 | |
| വരവ് | 577964446 | |
| ആകെ | 577964446 | |
| ചെലവ് | 577952446 | |
| നീക്കിയിരിപ്പ് | 12000 | |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 17-05-2019 | ------ | ------- |

# 1-3 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 3,55,81,307 |
| വരവ് | 8,31,29,714 |
| ആകെ | 11,87,11,021 |
| ചെലവ് | 8,19,52,004 |
| നീക്കിയിരിപ്പ് | 3,67,59,017 |

# 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 50892000 | 50892000 | 42270797 | 8621203 | 83.06 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11244000 | 11244000 | 8566159 | 2677841 | 76.18 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1025000 | 1025000 | 760992 | 264008 | 74.24 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 0 | 6105000 | 6105000 | 6104352 | 648 | 99.99 |
| ആകെ | 0 | 69266000 | 69266000 | 57702300 | 11563700 | 83.30 |

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്-നോൺറോഡ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല.

**ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 42270797 | 42270797 | 42270797 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8566159 | 8566159 | 8566159 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 760992 | 760992 | 760992 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 6104352 | 6104352 | 6104352 | 0 |
| ആകെട്രഷറി തനത് ഫണ്ട്,ജനറൽ പർപ്പസ് ഫണ്ട് | 315605 | 9571363 | 9886968 | 5276690 | 4610278 |
| ട്രഷറി സംയുക്ത പദ്ധതി | 103053 | 13290511 | 13393564 | 8701484 | 4692080 |
| IAYപ്ലാൻ PNBകാസർഗോഡ് (അക്കൗണ്ട് നം4290000100044130) | 23192188 | 1028755 | 24220943 | 7553433 | 16667510 |
| IAYസംസ്ഥാന വിഹിതംPNB കാസർഗോഡ് (അക്കൗണ്ട് നം429000010004446) | 2791809 | 1167713 | 3959522 | 2087689.1 | 1871832.9 |
| IAYഅഡ്മിൻPNB കാസർഗോഡ് (അക്കൗണ്ട് നം4290000100043720) | 28231 | 1000 | 29231 | 71 | 29160 |
| TSC- SBI കാസർഗോഡ് (അക്കൗണ്ട് നം57053740928) | 496239 | 176053 | 5144292 | 11400 | 5132892 |
| IWMP- കാനറ ബാങ്ക് കാസർഗോഡ് (അക്കൗണ്ട് നം101114925) | 925802 | 23511 | 949313 | 338133 | 611180 |
| IWMP- PNB കാസർഗോഡ് (അക്കൗണ്ട് നം4240000100045074) | 214599 | 145818 | 360417 | 352976 | 7441 |
| HOMSTED- PNB കാസർഗോഡ് (അക്കൗണ്ട് നം4294000010003536) | 3520 | 124 | 3644 | 0 | 3644 |
| PMKSY- PNB കാസർഗോഡ് | 372955 | 11793 | 384748 | 0 | 384748 |

| | | | | | |
|---|---|---|---|---|---|
| (അക്കൗണ്ട് നം29000010005216) | | | | | |
| IAYലോൺ- കോ ഓപറേറ്റിവ് ബാങ്ക് കാസർഗോഡ് (അക്കൗണ്ട് നം12058) | 100 | 0 | 100 | 0 | 100 |
| പ്ലാൻ-പലവക SBI കാസർഗോഡ് (അക്കൗണ്ട് നം57053741172) | 2408899 | 85425 | 2494324 | 0 | 2494324 |
| കേരളോത്സവം SBI കാസർഗോഡ് (അക്കൗണ്ട് നം57053740203) | 252003 | 0 | 252003 | 0 | 252003 |

# 1-5 പദ്ധതി അവലോകനം

## ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 133 | 91 | 0 | 42 | 68.42 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വര്ഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 63028281 | 27 | 28909229 | 45.99 |
| 2 | അസി. എക്സിക്യൂട്ടീവ് | 14 | 11925109 | 8 | 4130611 | 34.63 |

| | | | | | | |
|---|---|---|---|---|---|---|
| | എഞ്ചിനീയർ, LSGD കാസറഗോഡ് | | | | | |
| 3 | അസി. എഞ്ചിനീയർ, LSGD | 68 | 37883635 | 36 | 17590556 | 46.43 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 1997500 | 2 | 1997500 | 100 |
| 5 | പട്ടികജാതി വികസന ഓഫീസർ | 1 | 300000 | 1 | 300000 | 100 |
| 6 | ശിശു വികസന പദ്ധതി ഓഫീസർ, ഐ സി ഡി എസ് കാസറഗോഡ് | 2 | 1481375 | 2 | 1481375 | 100 |
| 7 | ക്ഷീര വികസന ഓഫീസർ | 1 | 200000 | 1 | 200000 | 100 |
| 8 | വ്യവസായ വികസന ഓഫീസർ | 1 | 3000000 | 0 | 0 | 0 |
| 9 | മെഡിക്കൽ ഓഫീസർ സി എച്ച് സി കുമ്പള | 8 | 3863455 | 7 | 2490328 | 64.45 |
| 10 | സൂപ്രണ്ട് വൃദ്ധമന്ദിരം | 2 | 94700 | 2 | 94700 | 100 |
| 11 | പട്ടികവർഗ്ഗ വികസന ഓഫീസർ | 1 | 100000 | 1 | 100000 | 100 |
| 12 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 525000 | 2 | 509746 | 97.09 |
| ആകെ | | •133 | •124399055 | •89 | •57804045 | 46.46 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13105 | 644398 | 657503 | 636600 | 20903 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 13105 | 644398 | 657503 | 636600 | 20903 |

# 1-7 ആഭ്യന്തരനിയന്ത്രണം

അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ട്. അപാകതകൾ

ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. സേവനാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. .അഗ്നിബാധ, പ്രകൃതി ദുരന്തം എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഇൻകുബൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല. ഓഫിസ് മിറ്റിങ്ങ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിട്ടിയില്ല.

# 1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 10.5.2019 | 01/02/2017 മുതൽ /31/03/2019വരെ | 2/07/2019 |
| പെർഫോമെൻസ് ഓഡിറ്റ് | 11.12.2018 | 01/04/2017 മുതൽ /31/03/2018വരെ | 15.3.2019 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-1-2020 തീയതിയിൽ 4.00 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസ് ഇല്ല.

# 1-10 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ

# അവശേഷിക്കുന്ന അപാകതകൾ

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 154,621/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 65,518,672/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ബാലൻസ് ഷീറ്റ് B- 11(a) ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,895,218/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയതിന്റെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# 1-11 രസീതി ബുക്കുകൾ- പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

213, 225 എന്നീ ക്രമ നമ്പറുകളിൽ ഉള്ള രസീതി ബുക്കുകളാണ് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്താൻ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഫോമുകളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് ഇവയുടെ വിവരം രേഖപ്പെടുത്തുന്നത്. ഇതിൽ 213-ാം നമ്പർ ബുക്ക് ബ്ലോക്ക് ഓഫീസിലും, 225-ാം നമ്പർ ബുക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിലും ഉപയോഗിക്കുന്നു. ഇവ 2016-17വർഷം മുതൽ ഉപയോഗിച്ച് വരുന്നവയാണ്. 2019-20 വർഷത്തിലും ഇവ തന്നെ ഉപയോഗിച്ച് വരുന്നു. 31-03-2019 വരെയുള്ള പിരിവിന്റെ വിശദാംശങ്ങളാണ് ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചത്. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും, ഇവയുടെ ഉപയോഗം സാമ്പത്തിക വർഷം അനുസരിച്ച് ക്രമപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-12 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

**ബ്ലോക്ക് പഞ്ചായത്ത്**, 2018-19 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. ഈ ഇനത്തിൽ **ബ്ലോക്ക്** പഞ്ചായത്തിന് ലഭ്യമാവേണ്ട തുക തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത തുക കണക്കാക്കി, **ബ്ലോക്ക്** പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ 2014-15 വർഷം മുതൽ ഈയിനത്തിൽ തുക

ലഭ്യമാകുവാനുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത തുകയും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം ഓഡിറ്റിന് അറിയിക്കേണ്ടതുമാണ്.

# 1-13 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സി.എച്ച്.സി. കുമ്പള, കളനാട് ഗവ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

# 1-14 ബദിയടുക്ക സി.എച്ച്.സി ക്ക് കമ്പ്യൂട്ടറും ഫോട്ടോ കോപ്പിയറും വാങ്ങി നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | S085/2018-19 |
| പ്രോജക്റ്റിന്റെ പേര് | ബദിയടുക്ക സി.എച്ച്.സി ക്ക് കമ്പ്യൂട്ടറും ഫോട്ടോ കോപ്പിയറും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫിസർ ,സി.എച്ച് സി.കുമ്പള |
| ചെലവ് തുക | 96890,/-(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ബിൽ നമ്പർ, തീയതി | 03/2018-19 തീയ്യതി.31-12-2018 |

2018-19 സാമ്പത്തിക വർഷത്തിൽ ബദിയടുക്ക സി.എച്ച്.സി ക്ക് കമ്പ്യൂട്ടറും ഫോട്ടോ കോപ്പിയറും വാങ്ങൽ പദ്ധതിക്കായി ( പ്രൊജക്റ്റ് നമ്പർ -S085/2018-19 ) ട്രഷറി ബിൽ നം.03/2018-19 തീയ്യതി.31-12-2018 പ്രകാരം മെയിന്റനൻസ് ഫണ്ട്-റോഡിതരം ഫണ്ടിൽ നിന്നും,96890/രൂപ പിൻവലിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ചത് സംബന്ധിച്ചുള്ള ചെലവ് രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫിസർ, സി.എച്ച് സി.കുമ്പള) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 96,890/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-15 പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കുമ്പള) |
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ | 98/2018-19 |
| പ്രോജക്ടിന്റെ പേര് | വിദഗ്ദ പാലിയേറ്റിവ് പരിചരണം |
| അടങ്കൽ | ₹ 6,00,000 (വികസനഫണ്ട്) |
| ചെലവ് | ₹3,55,531 |
| ബിൽ നമ്പർ/തിയതി | 8/2018-19/30.1.2019ബിൽ തുക ₹68915 |
| | 9/2018-19/11.2.2019ബിൽ തുക ₹39877 |
| | 11/2018-19/28.2.2019ബിൽ തുക ₹37496 |
| | 12/2018-19/28.2.2019ബിൽ തുക ₹66042 |
| | 13/2018-19/21.3.2019ബിൽ തുക ₹47382 |
| | 14/2018-19/21.3.2019ബിൽ തുക ₹95819 |
| | ആകെ ചെലവ് തുക ₹3,55,531 |

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 പാലിയേറ്റീവ് കെയർ-വിവിധ കമ്മിറ്റികളുടെ പ്രവർത്തനം;കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2018-19ൽ ഈ കമ്മിറ്റി 24.9.2018ന് മാത്രമേ യോഗം ചേർന്നിട്ടുള്ളു.യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല. (സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.)

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

# 1-17 പാലിയേറ്റീവ് കെയർ -വാഹനം:സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫിസർ,കുമ്പള സി.എച്ച്.സി

പാലിയേറ്റീവ് കെയർ വാഹന വാടകയിനത്തിൽ 2018-19 വർഷത്തിൽ ആകെ 2,23,044 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫിസർ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫിസർ,കുമ്പള സി.എച്ച്.സി

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 2,50,000/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം | ബില്ല്നം /ചെക്ക് നം- തുക | റിമാർക്സ് |
|---|---|---|
| 83/2018-19 കുമ്പള സി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ | 2,00,000/- രൂപ(ബിൽനം 4/18-19തീയതി28.1.2019 | കുമ്പള സി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ പദ്ധതിക്കു വേണ്ടി2,00,000/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

| | | |
|---|---|---|
| 84/2018-19<br>ബദിയടുക്ക സി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ | 2,00,000/- രൂപ(ബിൽനം 5/18-19തീയതി28.1.2019 | ബദിയടുക്ക സി.എച്ച്.സി ക്ക് മരുന്ന വാങ്ങൽപദ്ധതിക്കു വേണ്ടി2,00,000/ രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലയെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല.

# 1-19 വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പദ്ധതികളുടെ ഭാഗമായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം / പേര് | ബിൽ നം / തിയ്യതി | ബിൽ തുക | തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്ത് | ഗ്രാമ പഞ്ചായത്തിന് നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാത്ത സ്ഥാപനത്തിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|---|
| | | | | | | സാക്ഷ്യ പത്രം ലഭ്യമാക്കാത്ത ഗ്രാമ പഞ്ചായത്ത് | തുക |
| മെഡിക്കൽ ഓഫിസർ,, സി.എച്ച്.സി. കുമ്പള | 88/18-19 പാലി യേറ്റിവ് കെയർ – ബ്ലോക്ക് വിഹിതം നല്കൽ | 1/18-19 തിയ്യതി 29.9.18 | 700000 | ചെങ്കള | 200000 | ചെങ്കള | 200000 |
| | | | | മധൂർ | 200000 | മധൂർ | 200000 |
| | | | | മൊഗ്രാൽ പുത്തൂർ | 100000 | മൊഗ്രാൽ പുത്തൂർ | 100000 |
| | | | | ചെമ്മനാട് | 200000 | ചെമ്മനാട് | 200000 |
| | | 7/18-19 തിയ്യതി 30 .1.2019 | 200000 | ബദിയടുക്ക | 200000 | ബദിയടുക്ക | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 10/18-19 തിയ്യതി 21.3.19 | 200000 | കുമ്പള | 200000 | കുമ്പള | 200000 |
| സി.ഡി.പി.ഒ | 120/18-19 ഭിന്നശേഷി കാർക്കുള്ള സ്കോളർ ഷിപ്പ് | 2/18-19 തിയ്യതി 26.9.18 | 633045 | കുമ്പള | 148700 | കുമ്പള | 148700 |
| | | | | മൊഗ്രാൽ പുത്തൂർ | 198765 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി | |
| | | | | മധൂർ | 285580 | മധൂർ | 285580 |
| | | 3/18-19 തിയ്യതി 17.10.18 | 248330 | ചെങ്കള | 248330 | ചെങ്കള | 248330 |
| സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 54/18-19 ലൈഫ് മിഷൻ ഭവന പദ്ധതി | 29/18-19 തിയ്യതി 21.8.18 | 1531360 | കുമ്പള | 543386 | കുമ്പള | 543386 |
| | | | | മധൂർ | 839778 | മധൂർ | 839778 |
| | | | | മൊഗ്രാൽ പുത്തൂർ | 148196 | മൊഗ്രാൽ പുത്തൂർ | 148196 |
| | | 31/18-19 തിയ്യതി 31.8.18 | 2573674 | ചെങ്കള | 1160870 | ചെങ്കള | 1160870 |
| | | | | ചെമ്മനാട് | 548326 | ചെമ്മനാട് | 548326 |
| | | | | ബദിയടുക്ക | 864478 | ബദിയടുക്ക | 864478 |
| | | 68/18-19 തിയ്യതി 14.1.2019 | 3178400 | ചെങ്കള | 1000000 | ചെങ്കള | 1000000 |
| | | | | ചെമ്മനാട് | 2178400 | ചെമ്മനാട് | 2178400 |
| | | 84/18-19 തിയ്യതി 12.3.19 | 2400000 | ചെങ്കള | 1000000 | ചെങ്കള | 1000000 |
| | | | | കുമ്പള | 1400000 | കുമ്പള | 1400000 |
| | | ആകെ | 11664809 | | 11664809 | | 11466044 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനാൽ 11466044 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 663161 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സി.ഡി.പി.ഒ | 79/18-19 സാമൂഹ്യ സുരക്ഷമിഷന് ധനസഹായം | 1/18-19തിയതി19.6.18 | 600000 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 2 | സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് | 39/18-19ഐ.കെ.എമ്മിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ | 8/18-19തിയതി23.5.18 | 63161 | ഇൻഫർമേഷൻ കേരള മിഷൻ |
| | | | ആകെ | 6,63,161 | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനാൽ 6,63,161 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-21 കുമ്പള CHC യുടെ മെയിന്റനൻസ് (105/19)- പ്രവൃത്തി നിർവഹണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

കുമ്പള CHC യുടെ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം വന്നിട്ടുള്ളതായി ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. പ്രവൃത്തിയുടെ കരാറുകാരനുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ സപ്ലിമെന്ററി കരാർ ചമച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ,പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി അധികാരികൾ/ നിർവഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കാലതാമസവുമായി ബന്ധപ്പെട്ട് യാതൊരു വിശദീകരണവും ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല. നിർവഹണ സമയം ഓരോ പ്രോജക്ടിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് യഥാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു.

| പ്രവർത്തിയുടെ വിശദാംശങ്ങൾ | | ഈടാക്കേണ്ടിയിരുന്ന പിഴ | |
|---|---|---|---|
| Name of | അബൂബക്കർ സിദ്ദിഖ്.ബി.ഐ. | ആദ്യത്തെ മൂന്ന് മാസ ങ്ങൾ - PAC | ₹11,143/- |

| | | | |
|---|---|---|---|
| Contractor | | യുടെ 1%, കുറഞ്ഞത് 1000/- രൂപ | |
| PAC | ₹11,14,263/- | | |
| Agreement No. | 48/AEE/LSGD/KBP/16-17 03.03.2017 | | |
| last date for Completion | 02.06.2017 | | |
| Site handed over on | 03.03.2017 | | |
| M Book no. | 55/16-17 | | |
| date of last Check Measurement | 29.09.2017 | | |
| Delay | 3 Months | | |
| Bill Details,Fund | BN:05/18-19; ₹.81,925/-,Dtd:24.05.18, Dev.Fund (SCP) (Final Payment is pending) | | |
| ആകെ | | | ₹11,143/- |

തുക ഈടാക്കി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.8, തിയതി 03.02.2020).

# 1-22 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല.

കേന്ദ്ര /സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1) , കേന്ദ്ര ധനകാര്യവകുപ്പിന്റെ 13.09.2018 ലെ 50/2018 (Central Tax) വിജ്ഞാപനം എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ എതെങ്കിലും ചരക്ക് വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്യുമായി ബന്ധപ്പെട്ട് ടി ചരക്ക് /സേവനം നല്കിയ ദാതാവിന് (Supplier) പണം പൂർണ്ണമായോ ഭാഗീകമായോ നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.ടി ഉൾപ്പെടുത്താതെ രണ്ടരലക്ഷം രൂപയിൽ അധികരിച്ചാൽ സംസ്ഥാനത്തിനകത്ത് നടന്ന സപ്ലൈ ആണെങ്കിൽ നൽകുന്ന തുകയിൽ നിന്ന് 1% SGST യും , 1% CGSTയും TDS ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്. ഈ വ്യവസ്ഥയ്ക്ക് 1.10.2018 മുതൽ പ്രാബല്യമുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം നടത്തിയ ചുവടെ ചേർത്ത പദ്ധതികളുമായി ബന്ധപ്പെട്ട് തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി കിഴിവ് വരുത്താതെയാണ് ബിൽ തുകകൾ അനുവദിച്ചിട്ടുള്ളത്. GST ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു. (നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ)

| പ്രവൃത്തി | 1)കോളിയടുക്കം കാലിച്ചാമരം റോഡ് കോൺക്രീറ്റിങ് (27/19) | 2)പുലിക്കുണ്ട് - പിറവത്തടുക്ക റോഡ് കോൺക്രീറ്റിങ് (21/19) |
|---|---|---|
| കരാറുകാരൻ | ഷംസീർ ബി എം | എ ബി അഞ്ഞുഞ്ഞി |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | ₹4,19,921/- | ₹4,02,180/- |
| | | |

| | | |
|---|---|---|
| അളവ് പുസ്തകം | 47/2017-18 | 42/2017-18 |
| ചെലവ് വിവരം | ₹4,19,921 /- ബിൽ നം.01/18-19 തീയതി 26-11-2019 | ₹4,02,180/- ബിൽ നം.17/18-19 തീയതി 13-11-2018 |
| ഈടാക്കേണ്ട GST @2% | ₹8,398/- | ₹8,044/- |

ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസി. എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -8 ,തിയതി 03.02.2020)മറുപടി നൽകിയിട്ടില്ല.

## 1-23 ഗുണഭോക്തൃ കമ്മറ്റി പ്രവൃത്തി- ബില്ലിൽ നിന്നും GST ഈടാക്കിയില്ല.

കേന്ദ്ര/സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1) , കേന്ദ്ര ധനകാര്യവകുപ്പിന്റെ 13.09.2018 ലെ 50/2018 (Central Tax) വിജ്ഞാപനം എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ ഏതെങ്കിലും ചരക്ക് വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്യുതുമായി ബന്ധപ്പെട്ട് ടി ചരക്ക്/സേവനം നല്കിയ ദാതാവിന് (Supplier) പണം പൂർണ്ണമായോ ഭാഗീകമായേ നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.ടി ഉൾപ്പെടുത്താതെ രണ്ടരലക്ഷം രൂപയിൽ അധികരിച്ചാൽ സംസ്ഥാനത്തിനകത്ത് നടന്ന സപ്ലൈ ആണെങ്കിൽ നൽകുന്ന തുകയിൽ നിന്ന് 1% SGST യും , 1% CGSTയും TDS ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്. ഈ വ്യവസ്ഥയ്ക്ക് 1.10.2018 മുതൽ പ്രാബല്യമുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം നടത്തിയ ചുവടെ ചേർത്ത പദ്ധതികളുമായി ബന്ധപ്പെട്ട് തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി കിഴിവ് വരുത്താതെയാണ് ബിൽ തുകകൾ അനുവദിച്ചിട്ടുള്ളത്. GST ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു. (നിർവഹണം - അസിസ്റ്റൻറ് എഞ്ചിനീയർ)

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൺവീനർ | ചെയ്ത പ്രവൃത്തിയുടെ മൂല്യം | അളവ് പുസ്തകം | ചെലവ് വിവരം | ഈടാക്കേണ്ട GST @2% |
|---|---|---|---|---|---|---|
| 1 | GLPS എരുതുംകടവ് -കഞ്ഞിപ്പുര നിർമ്മാണം (52/19) | ദലീല ബീഗം. ആർ. | ₹4,69,534/- | 65/17-18 | ₹4,69,534/-ബിൽ നം. 04/18-19തീയതി 24-12-18 | ₹9,391/- |
| 2 | GUPS തെക്കിൽപറമ്പ -ടോയ് ലെറ്റ് നിർമ്മാണം (59/19) | രാധാകൃഷ്ണൻ കെ | ₹4,34,348/- | 52/2017-18 | ₹4,34,348/- ബിൽ നം.20/18-19 തീയതി 20-03-2019 | ₹8,687/- |
| 3 | GLPS ചന്ദ്രഗിരി -ടോയ് ലെറ്റ് നിർമ്മാണം (60/19) | എ ഗീത | ₹4,62,319/- | 57/2017-18 | ₹4,62,319/-ബിൽ നം.19/18-19തീയതി 20-03-2019 | ₹9,246/- |
| 4 | GUPS ബെണ്ടിച്ചാൽ -കഞ്ഞിപ്പുര നിർമ്മാണം (66/19) | ഇ കുഞ്ഞമ്പു നായർ | ₹4,37,342/- | 44/2017-18 | ₹4,37,342/-ബിൽ നം. 03/18-19 തീയതി 24-12-2019 | ₹8,747/- |

| | | | | | | |
|---|---|---|---|---|---|---|
| 5 | GLPS ചന്ദ്രഗിരി - നവീകരണം (155/19) | ഗീത എ | ₹3,83,336/- | 04/18-19 | ₹3,83,336/-ബിൽ നം.23/18-19 തീയതി 20-03-2019 | ₹7,667/- |
| | ആകെ | | | | | ₹43,738/- |

ഈ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസി. എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -8, തിയതി-30.02.2020)മറുപടി നൽകിയിട്ടില്ല.

## 1-24 റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ.

2018-19 വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡുകളുടെ പ്രതലങ്ങളുടെ സബ് ബേസ്, ബേസ് കോൺക്രീറ്റുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിക്കാണുന്നത്. MoRD ഡാറ്റയിലെ കോഡ് 11.4.3.1 (providing concrete for plain/reinforced concrete in open foudations as per technicsal specification clause 802, 803, 1202 and 1203 – PCC grade M-20- Nominal mix (1:2:4) മോഡിഫൈ ചെയ്താണ് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള M-20 ഗ്രേഡിലുള്ള കോൺക്രീറ്റിന്റെ ഡാറ്റയിൽ വിവിധ coarse aggregate കളായ 40mm, 20mm, 10mm എന്നിവയുടെ അളവ് വ്യത്യാസപ്പെടുത്തിയാണ് സബ് ബേസ് കോൺക്രീറ്റിന്റെ ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ തന്നെ 40mm aggregate പൂർണമായും ഒഴിവാക്കിയാണ് ബേസ് കോൺക്രീറ്റിനുള്ള ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

MoRD ഡാറ്റയിലെ കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിനുള്ള ഡാറ്റ Nominal Mix ഡാറ്റയാണ്. ഈ നോമിനൽ മിക്സിന്റെ ഡാറ്റയിലെ ചേരുവകളും ചേരുവകളുടെ അനുപാതങ്ങളും മാറ്റാവുന്നതല്ല.

ആയതിനാൽ കോഡ് 11.4.3.1 ലെ വിവിധ ചേരുവകൾ മോഡിഫൈ ചെയ്ത് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശരിയായ നടപടിയല്ല. MorRD ഡാറ്റയിൽ റോഡ് കോൺക്രീറ്റിന് നോമിനൽ മിക്സുകളുടെ ഡാറ്റ മാത്രമേ ഉള്ളൂവെങ്കിൽ M-20 ഗ്രേഡിലുള്ള മിക്സ് ഡിസൈൻ ചെയ്ത് മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കാമായിരുന്നുള്ളൂ. മിക്സ് ഡിസൈൻ ചെയ്യാതെ നോമിനൽ മിക്സുകളുടെ ചേരുവകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയ നടപടികൾ ശരിയല്ല.

ഈ സാഹചര്യത്തിൽ ഈ പ്രവൃത്തികളുടെ ഗുണനിലവാരം, കോൺക്രീറ്റിന്റെ ഉറപ്പ്, ഈടുനിൽപ്പ് എന്നിവ സംബന്ധിച്ച തുടർ പരിശോധനകൾ പഞ്ചായത്ത് കമ്മിറ്റിയും എഞ്ചിനീയറിംഗ് വിങ്ങും സംയുക്തമായി നടത്തേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ

# ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 02 ഗുണഭോക്തൃ കമ്മറ്റി പ്രവൃത്തികളുടെ ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ചെയ്ത പ്രവൃത്തിയുടെ മൂല്യം | ചെലവ് വിവരം |
|---|---|---|---|
| 1 | GUPS തെക്കിൽ വെസ്റ്റ്- ക്ലാസ്സ് റൂം നിർമ്മാണം (80/19) | ₹4,01,775/- | ബിൽ നം. 25/18-19 തീയതി 28-03-2019 |
| 2 | GUPS ചെമ്മനാട് വെസ്റ്റ്-ടോയ് ലെറ്റ് നിർമ്മാണം (61/19) | ₹4,20,409/- | ബിൽ നം.26/18-19 തീയതി 28-03-2019 |
| | ആകെ | ₹8,22,184/- | |

ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 03/31.01.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (08/30.02.2020)മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുകയായ ₹8,22,184/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാത്ത പക്ഷം ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ഈടാക്കാൻ നിർദ്ദേശിക്കുന്നതായിരിക്കും.കൂടാതെ കൺവീനർമാരിൽ നിന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട് GST, ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

# 1-26 ഉക്രംപാടി-കടവ് കോൺക്രീറ്റ് റോഡ് (ചെമ്മനാട് ഗ്രാമ പഞ്ചായത്ത്) എത്രയും വേഗം സഞ്ചാര യോഗ്യമാക്കേണ്ടതാണ്

നിർവഹണം -അസിസ്റ്റന്റ് എഞ്ചിനീയർ , പദ്ധതി നം - 111/19

ബിൽ നം - 29/18-19 , തിയതി - 17.04.19 , തുക - ₹ 1,18,407/-(2nd & Final bill)

ഫണ്ട്- വികസന ഫണ്ട് , ആകെ ചെലവ് – ₹ 2,61,713/-

കരാറുകാരൻ - എം.അബൂബക്കർ

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത ഈ റോഡ് പ്രവൃത്തിയുടെ കോൺക്രീറ്റ് ഇളകി ഗതാഗതയോഗ്യമല്ലാത്ത നിലയിലാണുള്ളതെന്ന് 04.02.2020 ന് നടത്തിയ സൈറ്റ് പരിശോധനയിൽ കാണുകയുണ്ടായി. ഈ റോഡിന്റെ അപാകത എത്രയും വേഗം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിച്ച് തുക കൈമാറി ഏതാനും മാസത്തിനകം റോഡ് ഉപയോഗമല്ലാതായെന്നത് പ്രവൃത്തിയുടെ മേൽനോട്ടം , ഗുണനിലവാരം എന്നിവ സംബന്ധിച്ച സന്ദേഹമുളവാക്കുന്നതാണ്. പ്രവൃത്തികളുടെ മികച്ച രീതിയിലുള്ള നടത്തിപ്പ് , മോണിറ്ററിങ് എന്നിവ

ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് എത്രയും വേഗം സഞ്ചാരയോഗ്യമാക്കി വിശദാംശങ്ങൾ അറിയിക്കുന്നതിന് വിധേയമായി ₹ 1,18,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 മണ്ണ് പരിശോധന ഫലം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ , ഫണ്ട് - വികസന ഫണ്ട് (ജനറൽ)

ബിൽ നം - 09/ 18-19 /19.01.2019 , തുക - ₹ 1,00,000/-

വാഴവളപ്പ് - താനംപുരക്കൽ VCB (153/19) യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്, പദ്ധതി പ്രദേശത്തെ മണ്ണ് പരിശോധിക്കുവാനായി LBS എഞ്ചിനീയറിങ് കോളേജിന് (@കാസറഗോഡ്) ₹ 1,00,000/- നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ഇതിന്റെ പരിശോധന ഫലം ലഭ്യമായിട്ടില്ല (ഓഡിറ്റ് എൻക്വയറി -08 , (തിയതി-03.02.2020). ഇത്തരത്തിലുള്ള കാലതാമസം , പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനും പദ്ധതി തുകയുടെ കാര്യക്ഷമമായ വിനിയോഗത്തിനും തടസ്സമായേക്കാം. മണ്ണ് പരിശോധന ഫലം സമയബന്ധിതമായി ലഭ്യമാക്കുന്നതിന്, LBS എഞ്ചിനീയറിങ് കോളേജ് അധികൃതർ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ല. ഇതിനു വേണ്ട കാര്യക്ഷമമായ തുടർ നടപടികൾ നിർവഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചതായും കാണുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ സാങ്കേതിക സഹായം ലഭ്യമാക്കേണ്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും കാലതാമസമുണ്ടാകുന്ന പക്ഷം നിയമാനുസൃത നർപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.മണ്ണ് പരിശോധന ഫലം , VCB യുടെ നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുകയായ ₹ 1,00,000/- തടസ്സപ്പെടുത്തുന്നു.

## 1-28 പുതിയ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം - കൺസൾട്ടൻസി ഫീസ് സംബന്ധിച്ച്

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 'കൾസട്ടൻസി' (Architectural & Structural Design and Drawings) സ്ഥാപനമായി, ടെണ്ടർ നടപടി ക്രമങ്ങളിലൂടെ "ഭാരത് എഞ്ചിനീയറിങ് ഇന്നവേഷൻ ഡിസൈൻ & കൾസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ"തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇതിനായി 2018-19 വർഷത്തിൽ പദ്ധതി നം. 130/2019 പ്രകാരം ₹ 5,00,000/- രൂപ, വികസന ഫണ്ടിൽ(ജനറൽ) വകയിരുത്തുകയുമുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത ഈ പദ്ധതി പ്രകാരം, 2018-19 വർഷത്തിൽ മേൽ സ്ഥാപനത്തിന് ₹ 4,35,865/- രൂപ അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന വസ്തുതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -08 , /തിയതി-03.02.2020) മറുപടി നൽകിയില്ല.അതിനാൽ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ഇവക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

i) പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) പരിശോധനക്ക് ലഭ്യമാക്കിയില്ല.

ii) അംഗീകൃത സ്ട്രക്ചറൽ ഡിസൈൻ പരിശോധനക്ക് ലഭ്യമാക്കിയില്ല.

iii) സ.ഉ.(സാധാ)നം,2049/14/തസ്വഭവ/07.08.2014 (കൺസൾട്ടൻസി ഫീസ്) ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ ബാധകമാക്കിയിട്ടുള്ളൂ. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബാധകമായ ഉത്തരവ് ലഭ്യമാക്കിയില്ല..

iv) പുതിയ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഗവണ്മെന്റ് ഉത്തരവിന്റെ പകർപ്പ് G.O.[Rt]No:566/2017/LSGD/01.03.2017 ലഭ്യമാക്കിയില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി |
|---|---|---|
| 2018-19 | 28.6.2019 മുതൽ 29.6.2019വരെ | കെ.എസ്.എ/കെ.എസ്.ഡി-3/434/2019, തീയ്യതി: 2.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 600000 | കൊറത്തികുണ്ട് ചെക്ക് ഡാം- ബദിയടുക്ക ഗ്രാമപഞ്ചായത്ത് | 0 | 600000 |
| | 2018-19 | 600000 | ഇച്ചിലംപാടി വിസിബി- കുംബള ഗ്രാമപഞ്ചായത്ത് | 577500 | 22500 |
| | 2018-19 | 400000 | ബേവിഞ്ച വലിയതോട് ഇല്ലത്തിനു സമീപം വിസിബി- ചെങ്കള ഗ്രാമപഞ്ചായത്ത് | 0 | 400000 |
| | 2018-19 | 500000 | വിസിബി- ചെങ്കള ഗ്രാമപഞ്ചായത്ത് | 0 | 500000 |
| | 2018-19 | 400000 | കാന ശങ്കരനാരായണ മഠം- കുമ്പള ഗ്രാമപഞ്ചായത്ത് | 382500 | 17500 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രൊജക്ടിന്റെ | വൗച്ചർ നം / | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കുവാൻ |
|---|---|---|---|---|---|

| എജൻസി | പേര് | ബിൽ .നം | നൽകിയ തുക | തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| അനർട്ട് | സോളാർ പാനൽ അറ്റ് ബ്ലോക്ക് ഓഫീസ് | 150/27.02.2019 | 726000 | 0 | 726000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ | സഉ(എംഎസ് നം. 90/13/ തസ്വഭവ തീയതി 14.03.2013 | 9,60,00,000 | 49,09,514/- (മുതല്-30060/-, പലിശ-4879454/-) | 0 | 0 | 49,09,514/- (മുതല്-30060/-, പലിശ-4879454/-) |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി ഇനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ഈയിനത്തിൽ തൻവർഷം ലഭിച്ച 14067രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-1, 3-2, 3-3 | 14067 | ആർ. അശോക്, എ ഇ | 19/ 21.11.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (plan) | 2-1 | 2007-08 | 3.66.1 | മുൻകൂർ തുക നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് (ആറ് പ്രവൃത്തികൾ) | തുടരുന്നു |
| 1997-98 (plan) | 2-3 | 2007-08 | 3.66.3 | കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവടങ്ങളിൽ തുക നിക്ഷേപിച്ചത് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | തുടരുന്നു |
| 1997-98 (plan) | 2-4 | 2007-08 | 3.66.3 | നിർമ്മിതി കേന്ദ്രയിൽ തുക നിക്ഷേപിച്ചത് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,31,29,714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,19,52,004 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,32,66,686 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 96890 | ഡോ. ഈശ്വര നായിക് കെ, മെഡിക്കൽ ഓഫീസർ<br>സി എച്ച് സി കുമ്പള |
| 1-19 | 1100000 | ഡോ. ഈശ്വര നായിക് കെ, മെഡിക്കൽ ഓഫീസർ<br>സി എച്ച് സി കുമ്പള |
| 1-19 | 682610 | രഞ്ജിനി .എൽ.ശിശു വികസന പദ്ധതി ഓഫീസർ, |
| 1-19 | 9683434 | ശ്രീ.രാഗേഷ്.ടി,സെക്രട്ടറി ബ്ലോക്ക്പഞ്ചായത്ത് |
| 1-20 | 600000 | മണിയമ്മ കെ.എം., ഐസിഡിഎസ്<br>സൂപ്പർവൈസർ(സി.ഡി.പി.ഒഇൻ ചാർജ്) |
| 1-20 | 63161 | ശ്രീ.രാഗേഷ്.ടി,സെക്രട്ടറി,ബ്ലോക്ക്പഞ്ചായത്ത് |
| 1-25 | 8,22,184 | അനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 1,18,407 | അനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 1,00,000 | അനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1,32,66,686 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 16,442 | അനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 43,738 | അനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-04-12 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 05-07-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011 തീ. 05-07-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീ. 05-07-2011 | 7 |
| 01-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീ. 05-07-2011 | 7 |
| 02-03 | എൽ.എഫ്.കെ.എസ്.ഡി.3/254/2011തീ. 05-07-2011 | 11 |
| 03-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീ.0 5-07-2011 | 2 |
| 04-05 | എൽ.എഫ്.കെ.എസ്.ഡി.6/245/2012 തീ. 16-04-2012 | 3 |
| 05-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീ. 28-05-2012 | 3 |
| 06-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീ. 07-08-2012 | 7 |
| 07-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012 തീ. 11-09-2012 | 8 |
| 08-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീ. 26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീ. 22-02-2014 | 10 |
| 2012-13,2013-14 | എൽ.എഫ്.കെ.എസ്.ഡി 6/1320/2014തീ. 01-01-2015 | 5 |
| 2014-15 | കെ.എസ്.എ. കെ.എസ്.ഡി6/937/2016തീ.18-10-2016 | 7 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി6/199/2017തീ. 22-03-2017 | 7 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി6/1138/2017തീ. 01-11-2017 | 12 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി4/1414 /2018.തീ. 29.12.2018 | 15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം: കെ.എസ്.എ./കെ.എസ്.ഡി6/158/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.
തീയ്യതി: 20-02-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(10) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 ഇൻകം &എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Kasargod Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 140000000 | Fee & User Charges | I-4(b) | 249.00 |
| 150000000 | Sale & Hire Charges | I-5(b) | 48070.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 51367772.00 |
| 170000000 | Income from Investments | I-7 | 1442573.00 |
| 180000000 | Other Income | I-9 | 122983.00 |
| | **Total Income** | | **52981647.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2362684.00 |
| 220000000 | Administrative Expenses | I-11(b) | 1305944.00 |
| 230000000 | Operations & Maintenance | I-12(b) | 1143956.00 |
| 240000000 | Interest & Finance Charges | I-13 | 869087.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4641347.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 44564374.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 63161.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 337585.00 |
| 255000000 | Maintenance Projects | I-14(e) | 7463056.00 |
| | **Total Expenditure** | | **62751194.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-9769547.00** |
| 280000000 | Prior Period Item | I-18 | 3913626.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-13683173.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kasargod Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 35581307.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 249.00 |
| 150000000 | Sale & Hire Charges | RP-5 | 48070.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62058805.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4274102.00 |
| 350000000 | Other Liabilities | RP-36 | 3104353.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 1442573.00 |
| 180000000 | Other Income | RP-10 | 122983.00 |
| 340000000 | Deposits Received | RP-34 | 213216.00 |
| 350000000 | Other Liabilities | RP-36 | 10821.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11592300.00 |
| 460000000 | Loans, Advances and Deposits | RP-47 | 262242.00 |
| | **Grand total** | | **118711021.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2890268.00 |
| 220000000 | Administrative Expenses | RP-12 | 1316011.00 |
| 230000000 | Operations & Maintenance | RP-13 | 183956.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4641347.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 44564374.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 63161.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 337585.00 |
| 255000000 | Maintenance Projects | RP-20 | 7463056.00 |
| 280000000 | Prior Period item | RP-26 | -398934.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1603406.00 |
| 350000000 | Other Liabilities | RP-36 | 105180.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 325.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 245744.00 |
| 350000000 | Other Liabilities | RP-36 | 1696.00 |
| 410000000 | Fixed Assets | RP-38 | 10704805.00 |
| 412000000 | Capital work in Progress | RP-40 | 8137179.00 |
| 460000000 | Loans, Advances and Deposits | RP-47 | 92845.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 36759017.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **118711021.00** |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Kasargod Block Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -15859380.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 66737508.00 |
| | **Total Reserve & Surplus** | | **50878128.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific | B-4 | 28120381.00 |

| | | | |
|---|---|---|---|
| | Purposes | | |
| | **Total Grants, Contributions for Specific Purposes** | | **28120381.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4909514.00 |
| | **Total Loans** | | **4909514.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 154621.00 |
| 350000000 | Other Liabilities | B-9 | 20608517.00 |
| | **Total Current Liabilities and Provisions** | | **20763138.00** |
| | TOTAL LIABILITIES | | **104671161.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 69098752.00 |
| 411000000 | Accumulated Depreciation | B-11 | -3580080.00 |
| 412000000 | Capital Work in Progress | B-11(a) | 1895218.00 |
| | **Total Fixed Assets** | | **67413890.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 450000000 | Cash and Bank Balance | B-17 | 36759017.00 |
| 460000000 | Loans, Advances and Deposits | B-18 | 498254.00 |
| | **Total Current Assets, Loans and Advances** | | **37257271.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **104671161.00** |